**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 683.** **28.09.2016 ന് മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവിനു കാരണം മദ്യനയമാണെന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന വിനോദസഞ്ചാരികൾ മദ്യം കഴിക്കുന്നതിനു വേണ്ടി മാത്രമാണ് സംസ്ഥാനത്ത് എത്തുന്നത് എന്ന് സർക്കാർ കരുതുന്നില്ല. എന്നാൽ, മദ്യം പതിവായി കഴിക്കുന്ന ടൂറിസ്റ്റുകൾക്കും, ബിസിനസ്സ് മീറ്റിംഗുകളിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്കും മദ്യം കിട്ടാതെ വരുന്ന അവസരങ്ങളിൽ, ഇത്തരക്കാർ മറ്റു സംസ്ഥാനങ്ങളെയോ രാജ്യങ്ങളെയോ തേടിപ്പോകുമെന്നുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കുമ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവിനുള്ള ഒരു കാരണം മദ്യനയമാകാമെന്ന് കരുതാവുന്നതാണ്. |
| (ബി) | എങ്കിൽ മദ്യനയത്തിൽ കാര്യമായ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യ ഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതും സംസ്ഥാനത്ത് മയക്കു മരുന്ന് ഉപഭോഗം വർദ്ധിച്ചു വരുന്നതും പരിഗണിച്ച് വ്യക്തമായ ഒരു നയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്. |
| (സി) | ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് മദ്യ വിൽപനയ്ക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ഇത് സംബന്ധിച്ച് നയം രൂപീകരിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ എത്ര ഹോട്ടലുകളെ ഇതിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**